**കേരളസർക്കാർ**

തസ്വഭവ - ഇടുക്കിജില്ലാ പഞ്ചായത്ത് - ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ ഔദ്യോഗികാവശ്യത്തിനായി പതിനഞ്ചുലക്ഷം രൂപ ചെലവഴിച്ച് വാഹനം വാങ്ങിയതിനു - സർക്കാർ സാധൂകരണം നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

==================================================================

സ.ഉ.(സാധാ)നം.3106/2015/തസ്വഭവ തിരുവനന്തപുരം, തീയതി 12.10.2015

==================================================================

വായിച്ചു: (1) ലോക്കൽ ഫണ്ട് ഓഡിറ്റ് ഇടുക്കി ജില്ലാഡെപ്യൂട്ടി ഡയറക്ടറുടെ ഇടുക്കി ജില്ലാപഞ്ചായത്തിനെ സംബന്ധിക്കുന്ന 2012-13 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2.

(2) ഇടുക്കി ജില്ലാപഞ്ചായത്തു പ്രസിഡന്റ് 30.12.2014 ൽ സമർപ്പിച്ച നിവേദനം.

(3) ഇടുക്കി ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ 23.07.2015 തീയതിയിലെ ബി4-2156/11 നമ്പർ കത്ത്.

## ഉത്തരവ്

ഇടുക്കി ജില്ലാപഞ്ചായത്ത് 2012-13 വർഷത്തിൽ, 15,52,100/- രൂപ ചെലവഴിച്ച് പ്രസിഡന്റിന്റെ ഔദ്യോഗിക ഉപയോഗത്തിനായി ഇന്നോവ 'വി' ഇനത്തിലുള്ള കാർ വാങ്ങുകയുണ്ടായി. നിലവിലുള്ള സർക്കാർ മാനദണ്ഡമനുസരിച്ച് ഔദ്യോഗികാവശ്യങ്ങൾക്കായുള്ള വാഹനങ്ങൾ വാങ്ങുന്നതിന് പരമാവധി 10ലക്ഷം രൂപ വരെ മാത്രമേ ചെലവഴിക്കുവാൻ പാടുള്ളൂ, എന്നതിനാൽ അധികമായി ചെലവഴിച്ച തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ജനപ്രതിനിധികളിൽ നിന്നും ഈടാക്കി ക്രമീകരിക്കണമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് സൂചന (1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുകയുണ്ടായി.

ഇടുക്കി ജില്ലയുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകതയും വിസ്തൃതിയും കണക്കിലെടുത്ത്, കൂടുതൽ കാര്യക്ഷമതയും, മൈലേജുമുള്ളതുമായ വാഹനം ആവശ്യമായി വന്നതിനാലാണ് ഇപ്രകാരം തുക അധികം ചെലവഴിച്ച് കാര്യക്ഷമതയുള്ള വാഹനം വാങ്ങിയതെന്നും, ആയതിനാൽ പ്രസ്തുത

ചെലവിനു സർക്കാർ സാധൂകരണം നല്കണമെന്നും കാണിച്ച് ജില്ലാപഞ്ചായത്ത് സൂചന (2),(3) എന്നീ കത്തുകളിലൂടെ ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി നിലവിലുള്ള സർക്കാർ നിർദ്ദേശങ്ങൾ പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഔദ്യോഗികാവശ്യത്തിനായി വാഹനങ്ങൾ വാങ്ങുന്നതിന് പരമാവധി പത്തുലക്ഷം രൂപ മാത്രമേ ഉപയോഗിക്കാൻ പാടുള്ളു എന്ന നിർദ്ദേശം നിലവിലുണ്ടെങ്കിലും ഇടുക്കി ജില്ലയുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകതയും വിസ്തൃതിയും പരിഗണിച്ച് കൂടുതൽ മൈലേജും കരുത്തും ഉള്ള വാഹനം വാങ്ങേണ്ടി വന്നു എന്ന ജില്ലാപഞ്ചായത്തിന്റെ വിശദീകരണം അംഗീകരിക്കുകയും, ഇടുക്കി ജില്ലാപഞ്ചായത്ത്, പ്രസിഡന്റിന്റെ ഔദ്യോഗികാവശ്യത്തിനായി വാഹനം വാങ്ങിയ ഇനത്തിൽ 2012-13 വർഷത്തിൽ ജില്ലാപഞ്ചായത്ത് ചെലവഴിച്ച 15,52,100/- രൂപ (പതിനഞ്ചുലക്ഷത്തി അൻപത്തിരണ്ടായിരത്തി ഒരുനൂറു രൂപ മാത്രം)യ്ക്ക് സാധൂകരണം നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**റ്റി. വിജയൻ**
**ഡെപ്യൂട്ടി സെക്രട്ടറി**

1. ജില്ലാപഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറി, ഇടുക്കി ജില്ലാ പഞ്ചായത്ത്.
2. പ്രിൻസിപ്പൽ അക്കൗണ്ട് ജനറൽ, കേരളം, തിരുവനന്തപുരം.
3. അക്കൗണ്ട് ജനറൽ (എ ആന്റ് ഇ /ഓഡിറ്റ്), തിരുവനന്തപുരം.
4. ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം.
5. വെബ് ആന്റ് ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നത്).
6. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.